**കേരള സർക്കാർ**

നം.എ 2/101/2020/ഉവിവ

ഉന്നതവിദ്യാഭ്യാസ (എ)വകുപ്പ്
തിരുവനന്തപുരം, തീയതി: 15-06-2020

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി , റവന്യൂ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.

സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി, സാസ്കാരിക വകുപ്പ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ

രജിസ്ട്രാർ, കേരള സർവകലാശാല, തിരുവനന്തപുരം/ എം.ജി സർവകലാശാല, കോട്ടയം/ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകാലശാല, കാലടി,എറണാകുളം/കൊച്ചി ശാസ്ത്ര സാങ്കേതിക , കൊച്ചി/കാലിക്കട്ട് സർവകലാശാല, മലപ്പുറം/ കണ്ണൂർ സർവകലാശാല, കണ്ണൂർ/മലയാളം സർവകാലാശാല, തിരൂർ/ കേരളാ സങ്കേതിക സർവകാലാശാല, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി
കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
തിരുവനന്തപുരം
വൈസ് ചെയർമാൻ
പി.എൻ പണിക്കർ ഫൗണ്ടേഷൻ
നം.509, സംഗീത് നഗർ
തൈക്കാട്, തിരുവനന്തപുരം -695 014

സർ,

വിഷയം- ഉന്നതവിദ്യാഭ്യാസ വകുപ്പ് - വായനാ പക്ഷാചരണം 2020- 11-6-2020 ലെ മീറ്റിംഗ് - മിനിട്സ് അയയ്ക്കുന്നത് - സംബന്ധിച്ച്

സൂചന – 10-6-2020 ലെ ഇതേ നമ്പർ സർക്കാർ കത്ത്

വായനാപക്ഷാചരണവുമായി ബന്ധപ്പെട്ട് 11-6-2020 ന് ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ ചേമ്പറിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ

കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് ആവശ്യമായ നടപടികൾക്കായി ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**രാജേഷ് കുമാർ കെ.കെ**
അണ്ടർ സെക്രട്ടറി
ഗവ. പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

## വായനാപക്ഷാചരണവുമായി ബന്ധപ്പെട്ട് 11-6-2020 ന് ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം രാവിലെ 11 മണിക്ക് ആരംഭിച്ചു. യോഗത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി അഡ്വ. പി. അപ്പുക്കുട്ടൻ, പി.എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ ശ്രീ എൻ. ബാലഗോപാൽ എന്നിവർ പങ്കെടുത്തു.

വായനാ പക്ഷാചരണ വേളയിൽ സമൂഹത്തിൽ വായനയിൽ താല്പര്യം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുൻ വർഷത്തേതിൽ നിന്നും വ്യത്യസ്തമായി കൊവിഡ് പ്രോട്ടോകോൾ അനുസരിച്ചും ഓൺലൈനായും എല്ലാ വിഭാഗങ്ങളിലും എത്തിക്കണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ ഗ്രന്ഥശാലകൾ മുഖേന ലൈബ്രറി കൗൺസിലും, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ഓൺലൈനായി പി.എൻ പണിക്കർ ഫൗണ്ടേഷൻ മുഖേനയും യോജിച്ച് വായനാപക്ഷാചരണം ആചരിക്കണമെന്നും അവർ പറഞ്ഞു. യോഗം ചുവടെ ചേർത്തിട്ടുള്ള തീരുമാനമെടുത്തു :-

1. 2020 ജൂൺ 19 മുതൽ ജൂലൈ 7 വരെ സംസ്ഥാനത്ത് വായനാ പക്ഷാചരണമായി ആചരിക്കുന്നതാണ്. സംസ്ഥാന സർക്കാരും, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും, പി.എൻ. പണിക്കർ ഫൗണ്ടേഷനും സംയുക്തമായാണ് ഈ വർഷം പക്ഷാചരണം സംഘടിപ്പിക്കുന്നത്.

2. ജൂൺ 19 ന് ബഹു. മുഖ്യമന്ത്രി ഓൺലൈനായി വായന പക്ഷാചരണത്തിന്റെ ഉദ്ഘാടനം നിർവഹിക്കുന്നതും, ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രി കോളേജ് വിദ്യാർത്ഥികൾക്ക് ഓൺലൈനായി വായന സന്ദേശം നൽകുന്നതും, പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രി വിക്ടേഴ്സ് ചാനലിൽ വായന സന്ദേശം നൽകുന്നതുമാണ്.

3. എല്ലാ ലൈബ്രറികളിലും വായനാസന്ദേശം എത്തിക്കുന്നതിനുള്ള നടപടികൾ ലൈബ്രറി കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

4. അനുസ്മരണ ദിനങ്ങളുടെ പ്രാധാന്യം വിശദമാക്കുന്ന കുറിപ്പ് വിക്ടേഴ്സ് ചാനലിൽ ലൈബ്രറി കൗൺസിൽ നൽകേണ്ടതാണ്.

5.പി.എൻ പണിക്കർ ഫൗണ്ടേഷൻ കളക്ടറേറ്റിൽ ജില്ലാ തല പരിപാടി സംഘടിപ്പിക്കുന്നതാണ്.

6.അനുസ്മരണ ദിനങ്ങൾ പ്രത്യേക പരിപാടികളായോ, ഓൺലൈനായോ ലൈബ്രറികളിൽ സംഘടിപ്പിക്കണം. അനുസ്മരണ പരിപാടിയിൽ അവരുടെ കൃതികളുടെ പ്രദർശനം, ഫോട്ടോ പ്രദർശനം, കൈയെഴുത്ത് പ്രതികളുടെ പ്രദർശനം, ഡോക്യുമെന്ററി, പാരായണം എന്നിവ നടത്തുന്നതാണ്.

7. വായനാപക്ഷാചരണം സംബന്ധിച്ച് ഓരോ ദിവസങ്ങളിലും നടത്തേണ്ടുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു

ജൂൺ 19- എല്ലാ ലൈബ്രറികളിലും പി.എൻ പണിക്കർ അനുസ്മരണം നടത്തും . ജില്ലാ തലത്തിൽ ഉദ്ഘാടന പരിപാടി സംഘടിപ്പിക്കും. ഒരു ലൈബ്രറിയിൽ വച്ചായിരിക്കും ജില്ലാതല പരിപാടി. എല്ലാ ലൈബ്രറികളിലും സാമൂഹമാധ്യമങ്ങൾ വഴി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും വായന സന്ദേശം നൽകണം.

ജൂൺ 20,21 –, കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺ ലൈൻ പഠനത്തിന് ശേഷം വീട്ടിലിരിക്കുന്ന കുട്ടികളുടെ അടുത്തേയ്ക്ക്, വായന പക്ഷാചരണകാലത്ത്, ഗ്രന്ഥശാലാ പ്രവർത്തകർ പുസ്തകങ്ങളുമായി എത്തേണ്ടതും, അതിനുമുന്നോടിയായി കുട്ടികൾക്ക് ഏത് പുസ്തകങ്ങളാണ് വേണ്ടത് എന്നറിയാൻ ഈ രണ്ടു ദിവസങ്ങളിൽ വീടുകളിൽ സന്ദർശനം നടത്തേണ്ടതുമാണ്.

ജൂൺ 22- ജി ശങ്കരപിള്ള (ജന്മദിനം) അനുസ്മരണം

ജൂൺ 23,24- കുട്ടികൾ ആവശ്യപ്പെട്ട പുസ്തകങ്ങൾ വീട്ടിലെത്തിക്കുക, വായനാനുഭവം ഒരു കുറിപ്പായി തയ്യാറാക്കുവാൻ ആവശ്യപ്പെടുക.

ജൂൺ 25,26,27,28- വായനയുടെ സ്വാതന്ത്ര്യം (അടിയന്തരാവസ്ഥ ദിനവും അതിനെ തുടർന്നുള്ള ദിനങ്ങളുടെയും ഒരു ഓർമ്മപ്പെടുത്തൽ)

ജൂൺ 29 – വായനാനുഭവം ഒരു കുറിപ്പായി ലൈബ്രറിയുടെ വാട്സ് ആപ്പ് ഗ്രൂപ്പിലോ, ലൈബ്രറി നിർദ്ദേശിക്കപ്പെട്ട നമ്പരിലേയ്ക്കോ അയയ്ക്കുക

ജൂൺ 30- പൊൻകുന്നം വർക്കി (ജന്മദിനം) അനുസ്മരണം

ജൂലൈ 1 – പി. കേശവദേവ് (ചരമദിനം) അനുസ്മരണം.

ജൂലൈ 2- വായനാക്കുറിപ്പുകൾ പരിശോധിച്ച് മികച്ച 3 എണ്ണം കണ്ടെത്തുക

ജൂലൈ 3- മികച്ച കുറിപ്പുകൾ തയ്യാറാക്കിയ 3 പേരുടെയും വീടുകൾ വായനശാല ഭാരവാഹികൾ സന്ദർശിച്ച് അഭിനന്ദനം അറിയിക്കുക, സമ്മാനം നൽകുക.

ജൂലൈ 4- കഥാപ്രസംഗ കലയിലെ കുലപതിയായിരുന്ന വി.സാംബശിവന്റെ ജന്മദിനം ലൈബ്രറിയുടെ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ കഥാപ്രസംഗ കലയുടെ സവിശേഷത, അവതരണം തുടങ്ങിയ നൽകുക.

ജൂലൈ 5 – വൈക്കം മുഹമ്മദ് ബഷീർ (ചരമദിനം) അനുസ്മരണം, തിരുനല്ലൂർ കരുണാകരൻ(ചരമദിനം) അനുസ്മരണം.

ജൂലൈ 6 - വൈക്കം മുഹമ്മദ് ബഷീറിന്റെ കഥ/കഥാപാത്രം എന്നിവ ആസ്പദമാക്കി അഞ്ച് മിനിട്ട് ദൈർഘ്യമുള്ള ഫിലിം കട്ടികൾ നിർമ്മിക്കുക.

ജൂലൈ 7 - ഐ.വി. ദാസ് ജന്മദിനം. എല്ലാ ലൈബ്രറികളിലും അനുസ്മരണം നടത്തും. വായനാപക്ഷാചരണത്തിന്റെ സമാപനം താലൂക്ക് തലത്തിൽ ഒരു ലൈബ്രറിയിൽ സംഘടിപ്പിക്കണം.

യോഗം 12 മണിക്ക് അവസാനിച്ചു.